# കേരള സർവകലാശാല

നം. പി.ആർ.039/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.എച്ച്.ഡി അനുമോദനം : മാർച്ച് 28–ന്

കേരള സർവകലാശാല 2013 വർഷത്തിൽ പി.എച്ച്.ഡി ലഭിച്ചവരെ അനുമോദിക്കുന്ന ചടങ്ങ് മാർച്ച് 28 രാവിലെ 11 മണിക്ക് സെനറ്റ് ഹാളിൽ നടത്തും. പ്രോ–വൈസ് ചാൻസലർ ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ മുഖ്യപ്രഭാഷണം നടത്തും. രജിസ്ട്രാർ ഇൻ–ചാർജ്ജ് ഡോ. എം. ജയപ്രകാശ്, സിൻഡിക്കേറ്റംഗങ്ങളായ ഡോ. ഗിരീഷ്കുമാർ ആർ, അഡ്വ. ജോൺസൺ എബ്രഹാം, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഡോ. പി.എം രാധാമണി, ഡോ. റോസമ്മ ഫിലിപ്, ഡോ. കെ അനിൽകുമാർ, ശ്രീ. ജെ.എസ് അഖിൽ തുടങ്ങിയവർ പങ്കെടുക്കും.

## ബി.ടെക് : സൂക്ഷ്മപരിശോധന

കേരള സർവകലാശാല ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധയ്ക്ക് അപേക്ഷിച്ചവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ഹാൾടിക്കറ്റ് എന്നിവയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ മാർച്ച് 28 മുതൽ ഏപ്രിൽ ആറ് വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണി മുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാജരാകണം.

## ബി.ടെക് ഫലം

കേരള സർവകലാശാല 2015 ഒക്ടോബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി – 2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 11 വരെ ഓൺലൈനായി അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## എം.എസ്സി സി.എൻ.ഡി പരീക്ഷ

കേരള സർവകലാശാല മേയ് രണ്ടിന് തുടങ്ങുന്ന ഒന്നാം വർഷ മാസ്റ്റർ ഓഫ് സയൻസ് ഇൻ ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് (ഏഴാം ബാച്ച് – 2014–2016 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ നാല് (50 രൂപ പിഴയോടെ ഏപ്രിൽ ആറ്, 250 രൂപ പിഴയോടെ ഏപ്രിൽ ഏഴ്) വരെയും

മേയ് 20–ന് തുടങ്ങുന്ന രണ്ടാം വർഷ മാസ്റ്റർ ഓഫ് സയൻസ് ഇൻ ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് (ആറാം ബാച്ച് – 2013–2015 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 12 (50 രൂപ പിഴയോടെ ഏപ്രിൽ 15, 250 രൂപ പിഴയോടെ ഏപ്രിൽ 18) വരെയും അപേക്ഷിക്കാം.

## പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം സർവകലാശാല സെനറ്റ് ചേംബറിൽ മാർച്ച് 30 രാവിലെ 11 മണിക്കും പ്രൊഫഷണൽ കോളേജുകളുടെ പ്രിൻസപ്പൽ/ചീഫ് സൂപ്രണ്ടുമാരുടെ യോഗം അന്നേ ദിവസം ഉച്ചയ്ക്ക് 2.30-നും നടത്തും. എല്ലാ പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരും യോഗത്തിൽ പങ്കെടുക്കണം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ മേയിൽ നടത്തുന്ന ആറാം സെമസ്റ്റർ ബി.ടെക് (റഗുലർ - 2013 സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ നാല് (50 രൂപ പിഴയോടെ ഏപ്രിൽ ആറ്, 250 രൂപ പിഴയോടെ ഏപ്രിൽ എട്ട്) വരെ അപേക്ഷിക്കാം. മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ലൈബ്രറി സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം

കേരള സർവകലാശാല ലൈബ്രറി സംഘടിപ്പിച്ച ലൈബ്രറി സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്തു. ലൈബ്രേറിയൻ ഇൻ-ചാർജ്ജ് എ ഹംസ ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടർ ഡോ.എ ഗോപിക്കുട്ടൻ മുഖ്യാതിഥിയായിരുന്നു. ഗോവ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഡോ.വി ഗോപകുമാർ മുഖ്യപ്രഭാഷണം നടത്തി.

## ബി.എസ്സി ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എസ്സി എൻവയോൺമെന്റൽ സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (216 - 2013 അഡ്മിഷൻ - റഗുലർ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ ഏഴ് വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ട്, മൂന്ന് വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ മാർക്ക്ലിസ്റ്റുകൾ മാർച്ച് 28, 29, 30, 31 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും വിതരണം ചെയ്യും. എസ്.ഡി.ഇ, എൽ.എസ്സി വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി വന്ന് മാർക്ക്ലിസ്റ്റ് കൈപ്പറ്റണം.

## അന്താരാഷ്ട്ര സമ്മേളനം

കേരള സർവകലാശാല കാര്യവട്ടം അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 28 മുതൽ 30 വരെ അന്താരാഷ്ട്ര സമ്മേളനം നടത്തും. പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ആദ്യക്ഷം വഹിക്കുന്ന ചടങ്ങ് നാഷണൽ ബയോ

ഡൈവേഴ്സിറ്റി അതോറിറ്റി ചെയർപേഴ്സൺ ഡോ. ബി. മീനാകുമാരി ഉദ്ഘാടനം ചെയ്യും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
26.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**